LIBRARY ARCHIVES Kerala Legislative Assembly

മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനുസമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്ന പ്രവൃത്തി 72% പൂർത്തീകരിച്ചിട്ടുണ്ട്. വേനൽ മഴയും, ശേഷം ടൗട്ടെ ചുഴലിക്കാറ്റ്മൂലം മഴ ശക്തമാവുകയും പുഴയിൽ ജലനിരപ്പുയരുകയും ചെയ്തതിനാൽ ഇപ്പോൾ തീരത്തുള്ള പണികൾ മാത്രം നടക്കുന്നുണ്ട്.

(ബി) നിലവിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

72% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രവൃത്തി 2021 മേയ് 20-ന് പൂർത്തീകരിക്കുന്നതിന് വേണ്ടി പ്രോഗ്രാം ചാർട്ട് തയ്യാറാക്കി അതുപ്രകാരമാണ് മുന്നോട്ടുപോയിരുന്നത്. അപ്രതീക്ഷിതമായ വേനൽമഴയും ചുഴലിക്കാറ്റും കാരണം ഈ സീസണിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. 2022 മാർച്ച് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

വയനാട് ജില്ലയിലെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ജലവിതരണ പദ്ധതികൾ

109(614) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ അണക്കെട്ടുമായി ബന്ധപ്പെട്ട ജലവിതരണ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ 2730 മീറ്റർ നീളമുള്ള പ്രധാന കനാലിന്റെ 2360 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 690 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള

LIBRARY ARCHIVES Kerala Legislative Assembly

പടിഞ്ഞാറത്തറ ശാഖാ കനാലിന്റെ 197 മീറ്റർ ഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. 3485 മീറ്റർ നീളമുള്ള കാപ്പുകുന്ന് ഡിസ്ട്രിബ്യൂട്ടറിയുടെ 750 മീറ്റർ ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ഡൈവേർഷൻ ചേമ്പറിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമാക്കി ഒരു പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതുപ്രകാരം പ്രധാന കനാൽ, കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറി, പേരാൽ ഡിസ്ട്രിബ്യൂട്ടറി എന്നിവ 2022-ലും വെണ്ണിയോട് ബ്രാഞ്ച് കനാൽ 2023-ലും പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലും മറ്റ് ഡിസ്ട്രിബ്യൂട്ടറികളും 2024-ലും പൂർത്തീകരിക്കാൻ സാധിക്കും.

(ബി) ബാണാസുര സാഗർ അണക്കെട്ടിന്റെയും അനുബന്ധ ജലവിതരണ പദ്ധതികളുടെയും നടത്തിപ്പിനായി സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു .

(സി) കേരളത്തിലെ തന്നെ പ്രധാന മണ്ണണകെട്ടായ കാരാപ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട് എത്ര ജലസേചന - കുടിവെള്ള പദ്ധതികൾ വിഭാവന ചെയ്തതിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കാരാപ്പുഴ ജലസേചന പദ്ധതിയുടെ കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ മണ്ണണയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. റിസർവ്വോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ച് വരുന്നു ഇടതുകര വലതുകര പ്രധാന കനാലുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു എങ്കിലും 2018-ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ ചെ. 4.800 കി.മീ തകർച്ചയുണ്ടാവുകയും തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തിവരുകയും ചെയ്യുന്നു. ആയതിന്റെ 70% പൂർത്തിയായിട്ടുണ്ട്. 2021 നവംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് ഇതിലൂടെ ജലസേചനം നടത്താനാകുന്നതോടുകൂടി മെയിൻ കനാലുകൾ പൂർണ്ണമായും ജലസേചനയോഗ്യമാവും. ബ്രാഞ്ച് കനാലുകളുടെ 46.27 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50% ശതമാനവും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാരാപ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ കീഴിൽ രണ്ട് കുടിവെള്ളപദ്ധതികളാണ് നിലവിലുള്ളത്.

(1) നബാർഡ് ധനസഹായത്തോടെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, മുട്ടിൽ, നൂൽപ്പുഴ പഞ്ചായത്തുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(2) മേപ്പാടി, മൂപ്പൈനാട്, വൈത്തിരി പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശുദ്ധീകരണ ശാല, വിതരണം എന്നിവ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ.) തയ്യാറാക്കിവരുന്നു.

(ഡി) ഏതെല്ലാം പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ പദ്ധതികളുടെ ഗുണം ലഭിക്കുമെന്നും പദ്ധതികൾ എപ്പോൾ പൂർത്തീകരിച്ച് കർഷകർക്ക് ജലസേചനം ലഭ്യമാക്കാൻ സാധിക്കുമെന്നും, വ്യക്തമാക്കാമോ?

വൈത്തിരി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ 5600 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കാനാണ് കാരാപ്പുഴ ജലസേചന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശ പ്രകാരം ആദ്യഘട്ടമായി 2588 ഹെക്ടർ കൃഷി സ്ഥലങ്ങളിലേയ്ക്കുള്ള ജലസേചന പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. 2021 നവംബർ മാസത്തോടെ ഇടതുകര വലതുകര കനാലുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജലവിതരണം സാധ്യമാവും. അതുവഴി മുട്ടിൽ, കോട്ടത്തറ, കണിയാൻപറ്റ, അമ്പലവയൽ, മീനങ്ങാടി എന്നീ പഞ്ചായത്തുകളിലെ കർഷകർക്ക് പ്രയോജനം ലഭിക്കും. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ പഞ്ചായത്തിലെ 785 ഹെക്ടർ കൃഷി ഭൂമിയിലും കോട്ടത്തറ പഞ്ചായത്തിലെ 55 ഹെക്ടർ കൃഷി ഭൂമിയിലും ജലസേചനം ലഭ്യമാക്കുക വഴി ആകെ 840 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചനം ഉറപ്പുവരുത്തുകയാണ് ബാണാസുര സാഗർ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി 2024-ൽ പൂർത്തീകരിച്ച് ജലസേചനം ലഭ്യമാക്കാൻ സാധിക്കും.

(ഇ) കാവേരി നദീതട തർക്ക പരിഹാര ട്രിബ്യൂണൽ വിധിയനുസരിച്ച് എത്ര ടി.എം.സി വെള്ളമാണ് കേരളത്തിന് അർഹതപ്പെട്ടതെന്നും ഇവ കേരളത്തിലെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കാവേരി വിധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജലസേചന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ജി) ഇവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. കടമൻതോട് ജലസേചന പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും തൊണ്ടാർ പദ്ധതിയെ അനുകൂലിച്ചും എതിർത്തും പരാതികൾ ലഭിച്ചിട്ടുണ്ട്. അട്ടപ്പാടി ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ധർ അടങ്ങിയ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ

110(615) ശ്രീ. എൻ. ഷംസീദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ ലോകബാങ്ക് സഹായത്തോടെ നടത്താൻ കേന്ദ്ര ജലകമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജലകമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം -1-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ,